ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ, ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ചങ്ങനാശ്ശേരി, കോട്ടയം, എറണാകുളം, കൊച്ചി, തൃശ്ശൂർ, ചാവക്കാട്, എന്നീ ഒൻപതു കേന്ദ്രങ്ങളിലായി ജലഗതാഗതവ്യവസായ ബന്ധക്കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള തീരുമാനം ഗവണ്മെൻറ് കൈക്കൊണ്ടിട്ടുണ്ട്. നാവിക തൊഴിലിനു് സ്ഥിരതയും കൂടുതൽ വരുമാനവും കിട്ടുന്നതിനു് ഉപകരിക്കത്തക്കരീതി സംവിധാനമുണ്ടായിരിക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്. അതിലേക്കു് ഒരു കമ്മിറ്റിയേയും സംവിധാനിപ്പിച്ചിട്ടുണ്ട്.

(സി) മേൽ പ്രസ്താവിച്ച കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ഗവണ്മെൻറിൻറെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. ജി. കാർത്തികേയൻ : നാവികതൊഴിലാളികളുടെ അവശതാപരിഹാരാർത്ഥം അവർ സമർപ്പിച്ച നിവേദനത്തിൻറെ ഫലമായി അടിയന്തിര നടപടികൾ കൈക്കൊള്ളുമെന്നു് ഗവണ്മെൻറ് പറഞ്ഞതു പ്രകാരം വല്ലതും ചെയ്തിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്സ് : മേൽ പ്രസ്താവിച്ചതുതന്നെയാണു് അടിയന്തിരമായി നടപ്പിലാക്കാം എന്നു സമ്മതിച്ചിരുന്നതു്.

ശ്രീ. ജി. കാർത്തികേയൻ : നാവിക തൊഴിലാളികൾക്കു് ഇന്നുള്ള ഗതാഗതത്തടസ്സങ്ങൾ നീക്കുന്നതിനു കനാൽ ഡിപ്പാർട്ടുമെൻറുമായി വല്ല നടപടികളും ഗവണ്മെൻറ് എടുക്കുന്നുണ്ടോ ?

ശ്രീ. ടി. വി. തോമസ്സ് : അതിനു ഡിപ്പാർട്ടുമെൻറിൽനിന്നു ചില നടപടികൾ എടുക്കുന്നുണ്ടെന്നാണു് അറിയുന്നതു്. ഇല്ലെങ്കിൽ നടപടികൾ എടുക്കുന്നതാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : കനാൽവഴി ചരക്കു കൊണ്ടുപോകുന്നതിനു് കനാൽ ഡിപ്പാർട്ടുമെൻറിൻറെ പ്രവർത്തനംമൂലം നാവിക തൊഴിലാളികൾക്കു് ഇന്നു് വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടു്. അതു തീർക്കുന്നതിനു നടപടി എടുക്കുന്നുണ്ടോ ?

ശ്രീ. ടി. വി. തോമസ്സ് : എടുക്കുന്നുണ്ടു്.

Reconstitution of the Taluks, N. E. S. and C. D. Blocks.

* 1403. [32] **Shri E. P. Poulose** : Will the Chief Minister be pleased to state :

(a) whether Government have received the final proposals of the various District Development Councils regarding the re-constitution of the Taluks, N. E. S. and C. D. Blocks ; and

(b) if not, when does Government expect these proposals ?

Minister for Finance **(Shri C. Atchutha Menon)** :

(a) No.

(b) Before the end of June 1959.

കുത്തകപ്പാട്ടക്കാരുടെ പാട്ടം സ്റ്റേചെയ്ത ഓർഡർ.

* 1404. [33] † ശ്രീമതി കുസുമം ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചു് ഏക്കർ വരെയുള്ള കുത്തകപ്പാട്ടക്കാരുടെ പാട്ടം സ്റ്റേ ചെയ്തിരുന്നുവോ ; എന്നാണു് ആ സ്റ്റേ ഓർഡർ ഉണ്ടായതു്,

† As the member was absent the question was put by Shri C. A. Mathew, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly